LIBRARY ARCHIVES Kerala Legislative Assembly

തോട്ടപ്പള്ളിയിലെ മെഗാടൂറിസം പദ്ധതി

342 (2898) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളിയെ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതികൾക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മെഗാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹൗസ് ബോട്ട് ടെർമിനലും തോട്ടപ്പള്ളി ബീച്ച് നവീകരണവുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണത്തിന് 1,08,61,000 രൂപയും ബീച്ച് നവീകരണത്തിന് 1,02,46,000 രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ 2015 ഫെബ്രുവരി 15-നും നവീകരണ പ്രവർത്തനങ്ങൾ 2014 ഡിസംബർ 15-നും ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.